©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം, ശനി
Thiruvananthapuram, Saturday

2025 ആഗസ്റ്റ് 02
02nd August 2025
1200 കർക്കടകം 17
17th Karkadakam 1200
1947 ശ്രാവണം 11
11th Sravana 1947

നമ്പർ No. 2850

Form No.7

{See Rule No 18(1)}

FORM OF PRELIMINARY NOTIFICATION TO BE ISSUED BY THE COLLECTOR UNDER SUB-SECTION (1) OF SECTION 11

NOTIFICATION

File No.DCMPM/4389/2020-LA4 **Date: 01/08/2025**

WHEREAS, the Government of Kerala have as per G.O(P) 46/2019/RD dated 03.08.2019 appointed the Special Tahsildar, LA Unit 3, KIIFB, Malappuram to perform the functions of a Collector for the purpose of Land Acquisition under the Right to Fair Compensation and Transparency in Land Acquisition Rehabilitation and Re-Settlement Act, 2013.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

AND WHEREAS, the Government hereby appoint Deputy Collector (LA), Malappuram as the Administrator for the purpose of Rehabilitation and Re-Settlement to the proposed acquisition.

AND WHEREAS, it appears to the Government that the land specified in the schedule below is needed or is likely to be needed for public purpose to wit for the acquisition of land in Veliyamkode and Ponnani Nagaram Villages of Malappuram District for the Construction of Approach Road to Pookaithakadavu Bridge.

Now, THEREFORE, notice is hereby given to that effect to whomsoever it may concern, in accordance with the provisions of Sub-Section (1) of Section 11 of the Right to Fair Compensation and Transparency in Land Acquisition Rehabilitation and Resettlement Act, 2013.

All persons interested in the said land are accordingly required to lodge before the Special Tahsildar, LA Unit 3, KIIFB, Malappuram within 15 days from the date of publication of the above notification, or after giving public notice regarding this whichever is later, a statement in writing of their objections, if any regarding the updation of land records or title in respect of the land proposed for acquisition. Any objection / statement which is received after the due date or which does not clearly explain as how the objector is interested in the land is liable to be summarily rejected.

A summary of the Social Impact Assessment Report is given below, which is available in the Official Website- https://malappuram.nic.in.

കേരള സർക്കാരിന്റെ 03.08.2019 തീയതിയിലെ സർക്കാർ G.O.(P) നമ്പർ 46/2019/RD വിജ്ഞാപന പ്രകാരം 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം (കേന്ദ്ര നിയമം 30/2013) പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനുവേണ്ടി നിയമിച്ചിരിക്കുന്നതിനാലും നിർദിഷ്ട ഏറ്റെടുക്കലിൽ പൊന്നുംവില നടപടിയുടെ പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്ററായി മലപ്പുറം ലാൻഡ് അക്വിസിഷൻ ഡെപ്യൂട്ടി കളക്ടറിനെ കേരള സർക്കാർ നിയമിച്ചിരിക്കുന്നതിനാലും, ചുവടെ ചേർത്തിരിക്കുന്ന പട്ടികയിൽ വിവരിച്ചിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് മലപ്പുറം ജില്ലയിൽ പൊന്നാനി താലൂക്കിൽ ഏഴാംപുഴക്ക് കുറുകെ വെളിയങ്കോട്, പൊന്നാനി നഗരം എന്നീ വില്ലേജുകളെ ബന്ധിപ്പിക്കുന്ന **പൂക്കൈതകടവ് പാലം അനുബന്ധ റോഡ്** നിർമ്മാണത്തിനായി ഭൂമി ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കുമെന്നോ സർക്കാരിന് ബോധ്യപ്പെട്ടിരിക്കുന്നതിനാലും, ഇപ്പോൾ തന്മൂലം അതുമായി ബന്ധപ്പെട്ട് എല്ലാ വ്യക്തികൾക്കും 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 11-ാം വകുപ്പ് (1)-ാം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉപവകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി ഇക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നൽകുകയും ചെയ്യുന്നു.

പൊന്നുംവിലക്കെടുക്കാൻ തീരുമാനിച്ചിട്ടുള്ള ഭൂമിയിൽ തൽപരകക്ഷികളായുള്ള എല്ലാ വ്യക്തികളോടും ഭൂരേഖകൾ നാളതീകരിക്കുന്നത് സംബന്ധിച്ചും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചും ആക്ഷേപമുണ്ടെങ്കിൽ ആയത് മേൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ തീയതിയോ ഇത് സംബന്ധിച്ച പൊതു നോട്ടീസിന്റെ തീയതിയോ ഏതാണോ അവസാനം വരുന്നത് ആ തീയതി മുതൽ 15 ദിവസത്തിനകം രേഖാമൂലമുള്ള പ്രസ്താവന, പൊന്നുംവില ആഫീസറായ സ്പെഷ്യൽ തഹസിൽദാർ, (എൽ.എ.) യൂണിറ്റ് 3, കിഫ്ബി, മലപ്പുറം മുമ്പാകെ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്ത ആക്ഷേപങ്ങളും, ആക്ഷേപകന് ഭൂമിയിലുള്ള താൽപര്യം സംശയലേശമന്യേ വിശദീകരിക്കാത്ത ആക്ഷേപങ്ങളും നിരുപാധികം നിരസിക്കപ്പെടുന്നതാണ്. പട്ടികയും സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് സംഗ്രഹവും താഴെ ചേർക്കുന്നു. ആയത് മലപ്പുറം ജില്ലാ ഭരണകൂടത്തിന്റെ "www.malappuram.nic.in" എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

പട്ടിക

ജില്ല : മലപ്പുറം **താലൂക്ക് : പൊന്നാനി**

(ഏകദേശ വിസ്തീർണ്ണം ചേർത്തിരിക്കുന്നു)

ക്രമ നം.	*വില്ലേജ്*	*സർവ്വെ നമ്പർ*	*ഭൂമിയുടെ തരം*	*വിസ്തീർണ്ണം (ഹെക്ടർ)*	*പൊതു ആവശ്യത്തിന്റെ സ്വഭാവം*	*ബാധിക്കപ്പെട്ട കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനുള്ള കാരണം*	*ഉടമസ്ഥർ*
1	വെളിയംകോട്	9/1	തോട്ടം	0.0088	ഏഴാം പുഴയ്ക്ക് കുറുകെ പൂക്കൈതക്കടവ് പാലം അനുബന്ധ റോഡ് നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കൽ	ബാധകമല്ല	റോഡ്
2	വെളിയംകോട്	9/2	തോട്ടം			ബാധകമല്ല	റോഡ്
3	വെളിയംകോട്	9/2	തോട്ടം	0.0511		ബാധകമല്ല	1)നഫീസ വെള്ളത്തിങ്ങൽ , വടക്കേപുരം 2)കക്കത്തറയിൽ നഫീസു w/o റഷീദ് 3) കമറുദ്ദീൻ മുതൽപേർ S/o എല്ലുകാട്ടിൽ അബ്ദുൾ അസീസ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

4	വെളിയംകോട്	9/2	തോട്ടം			ബാധകമല്ല	1)മുഹമ്മദുണ്ണി s/o ഏനുദ്ദീൻ കുട്ടിഹാജി, 2)റഫീഖ് മുതൽപേർ S/o മുഹമ്മദുണ്ണി
5	വെളിയംകോട്	9/4	തോട്ടം	0.0154		ബാധകമല്ല	കനാൽ
6	വെളിയംകോട്	9/4	തോട്ടം			ബാധകമല്ല	പൊതുവഴി
7	പൊന്നാനി നഗരം	76/7	പുരയിടം	0.0127		ബാധകമല്ല	റോഡ്
8	പൊന്നാനി നഗരം	76/9	പുരയിടം	0.1052		ബാധകമല്ല	റോഡ്
8	പൊന്നാനി നഗരം	76/10A	പുരയിടം	0.0243		ബാധകമല്ല	റോഡ്
9	പൊന്നാനി നഗരം	76/10B	പുരയിടം	0.0093		ബാധകമല്ല	റോഡ്
10	പൊന്നാനി നഗരം	76/11	പുരയിടം	0.0047		ബാധകമല്ല	റോഡ്

സാമൂഹ്യപ്രത്യാഘാത പഠനത്തിന്റെ സംക്ഷിപ്ത രൂപം

മലപ്പുറം ജില്ലയിൽ പൊന്നാനി താലൂക്കിലെ പൊന്നാനി നഗരം വില്ലേജിലെ 9 സർവ്വേ നമ്പറുകളിലും, വെളിയംകോട് വില്ലേജിലെ 13 സർവ്വെ നമ്പറുകളിലുമായി 0.5415 ഹെക്ടർ കൈവശ ഭൂമി ഏറ്റെടുത്ത് ഏഴാംപുഴക്ക് കുറുകെ പൂക്കൈതകടവ് പാലവും അനുബന്ധ റോഡും നിർമ്മിക്കുന്നത് വളരെ അനിവാര്യവും അടിയന്തരവുമായ ഒരു പൊതുതാത്പര്യ പദ്ധതിയാണ്.

സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന നിരവധി കുടുംബങ്ങൾ താമസിക്കുന്ന ഈ പ്രദേശത്തിന്റെ സമഗ്ര വികസനത്തിനും കർമ്മാ റോഡുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള ടൂറിസം പദ്ധതിയുടെ വികസനത്തിനും നിലവിൽ കടവിന്റെ ഇരു ഭാഗങ്ങളിലുമുള്ള പ്രദേശവാസികൾക്ക് പരസ്പരം ബന്ധപ്പെടുന്നതിന് 7 കിലോമീറ്ററിലധികം ദൂരം കുറയുന്നതിന് നിർദ്ദിഷ്ട പദ്ധതി സഹായിക്കുന്നതിനാലും പദ്ധതി സംബന്ധിച്ച് സ്വീകാര്യമായ ബദൽ നിർദ്ദേശങ്ങൾ ഒന്നും തന്നെ ഇല്ലാത്തതിനാലും 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം, ബാധകമായ മറ്റു നിയമങ്ങൾ,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരം പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്ന എല്ലാ ഉടമസ്ഥർക്കും ഉചിതവും ന്യായവും മതിയായതും നിയമാനുസൃതമായ നഷ്ടപരിഹാരം നൽകി ഭൂമി ഏറ്റെടുത്ത് സമയബന്ധിതമായി പദ്ധതി നടപ്പിലാക്കേണ്ടതാണ്. പാലത്തിന് 12 മീറ്റർ വീതിയാണുണ്ടാവുക. റോഡിന് ഡ്രൈനേജ് ഉൾപ്പടെ 11 മീറ്റർ വീതിയും സർവ്വീസ് റോഡിന് 2.5 മീറ്റർ വീതിയുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. വെള്ളത്തിൽ നിന്ന് 3.5 മീറ്റർ ഉയരം പാലത്തിന് ഉണ്ടായിരിക്കും. അനുബന്ധ റോഡിന് പൊന്നാനി ഭാഗത്ത് 40 മീറ്ററും വെളിയംകോട് ഭാഗത്ത് 50 മീറ്ററും നീളമുണ്ടായായിരിക്കും.

ലഭ്യമായ വിവരങ്ങളുടെയും സ്ഥലപരിശോധനയുടെയും അടിസ്ഥാനത്തിൽ നിർദ്ദിഷ്ട പദ്ധതിയുടെ പ്രതീക്ഷിക്കപ്പെടുന്ന നേട്ടങ്ങൾ പദ്ധതി നടപ്പിലാക്കുന്നതുമൂലമുണ്ടാകുന്ന സാമൂഹ്യ ചെലവിനെക്കാളും പ്രതികൂല സാമൂഹ്യ ആഘാതങ്ങളെക്കാളും കൂടുതലാണെന്ന് കാണുന്നതിനാലും, നിർദ്ദിഷ്ട അലൈൻമെന്റ് ആഘാതങ്ങൾ പരമാവധി പരിഹരിക്കുമെന്ന് കാണുന്നതിനാലും 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം, ബാധകമായ മറ്റു നിയമങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പദ്ധതി നടപ്പിലാക്കേണ്ടതാണ്.

പദ്ധതി മൂലം ഭൂമി, മരങ്ങൾ, ഫലവൃക്ഷങ്ങൾ, നിർമ്മിതികൾ, ചമയങ്ങൾ, കൃഷി, ഉപജീവനം തുടങ്ങിയവ നഷ്ടപ്പെടുന്ന എല്ലാ ഭവുടമകൾക്കും നിയമ പ്രകാരം പരമാവധിയും ന്യായവുമായ നഷ്ടപരിഹാരം സമയബന്ധിതമായി നൽകേണ്ടതാണ്.

പദ്ധതി മൂലം അവശേഷിക്കുന്ന ഭൂമിയിലേക്കുള്ള പ്രവേശന മാർഗ്ഗങ്ങളുടെ നഷ്ടം, പ്രവേശന മാർഗ്ഗങ്ങളുടെ പുനഃസ്ഥാപനം എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തി നികത്തേണ്ടതും പദ്ധതി മൂലം രൂപപ്പെടുന്ന തുണ്ട് ഭൂമികൾ ഉടമകൾ ആവശ്യപ്പെടുകയാണെങ്കിൽ നിയമാനുസൃതം മതിയായ നഷ്ടപരിഹാരം നൽകി സർക്കാർ ഏറ്റെടുക്കേണ്ടതുമാണ്.

സ്ഥലം ഏറ്റെടുക്കുന്നത് വഴി പ്രദേശവാസികൾക്ക് ഭൂമി, വീട്, വീടിന്റെ ഭാഗങ്ങൾ, കെട്ടിടങ്ങൾ, മറ്റു നിർമ്മിതികൾ, കിണർ, മരങ്ങൾ, കൃഷി, ഫലവൃക്ഷങ്ങൾ, ഉപജീവനം തുടങ്ങിയവ നഷ്ടപ്പെടുന്നുണ്ട്. നിയമാനുസൃതമായ നഷ്ടപരിഹാരം ഇവർക്ക് ലഭിക്കണം. 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ (RFCTLARR Act) വകുപ്പുകൾ ഇതിന് പര്യാപ്തമാണ്. വേഗത്തിൽ ഭൂമി ഏറ്റെക്കൽ നടപടികൾ പൂർത്തിയാക്കി ബാധിതരുടെ കഷ്ടനഷ്ടങ്ങൾ ഒഴിവാക്കി പദ്ധതി നടപ്പിലാക്കണമെന്ന് പഠനസംഘം ശിപാർശ ചെയ്യുന്നു.

ജില്ലാ കളക്ടർ,
മലപ്പുറം

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.08.02 02:31:55 +05:30